പച്ചക്കറി ഉല്പാദനത്തിനായി 1664289 പച്ചക്കറി വിത്ത് പാക്കറ്റുകൾ വിതരണം ചെയ്തുകഴിഞ്ഞു. ഇതിലൂടെ ഏകദേശം 6656 മെട്രിക് ടൺ പച്ചക്കറി ഓണക്കാലത്തേക്ക് ഉല്പാദിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ കൃഷിവകുപ്പിന്റെ വെജിറ്റബിൾ ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രോബാഗ് പദ്ധതി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്.

### അന്താരാഷ്ട്ര കരാറുകളും കേരളത്തിലെ കാർഷികരംഗവും

**173 (T4213)** <u>ശ്രീ. മാത്യു റ്റി. തോമസ്</u>:
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. ജോസ് തെറ്റയിൽ</u> :
<u>ശ്രീമതി ജമീലാ പ്രകാശം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ വിവിധ അന്താരാഷ്ട്ര കരാറുകൾ കേരളത്തിലെ കാർഷിക രംഗത്തെ എങ്ങനെ ബാധിച്ചു എന്നത് സംബന്ധിച്ച വിലയിരുത്തലോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കാർഷിക നയം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഡബ്ല്യൂ.റ്റി.ഒ. സെല്ലിന്റെ പ്രവർത്തനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ;

(ഡി) അഗ്രകൾച്ചർ ട്രേഡ് സംബന്ധിച്ച മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സമിതി എപ്പോഴാണ് നിലവിൽ വന്നത് ;

(ഇ) പ്രസ്തുത സമിതി എത്ര യോഗങ്ങളാണ് കൂടിയിരിക്കുന്നത് ; അവസാനത്തെ യോഗം കൂടിയത് എന്നാണ് ; പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) വിലയിരുത്തലുകളും പഠനങ്ങളും നടത്തിയിട്ടുണ്ട്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആസിയാൻ - ഇന്ത്യ സ്വതന്ത്ര വ്യാപാര കരാർ കേരളത്തിലെ കാർഷികരംഗത്തെ എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് കൃഷി വകുപ്പിലെ ഡബ്ല്യൂ.റ്റി.ഒ. സെൽ, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസുമായി സഹകരിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. അതിൽ പ്രധാനമായും എത്തിച്ചേർന്ന വിലയിരുത്തലുകൾ ചുവടെ ചേർക്കുന്നു :

(1) ആസിയാൻ രാജ്യങ്ങളിലും കേരളത്തിലും സമാനമായ ഭൂപ്രകൃതിയും കാലാവസ്ഥയും കൃഷിരീതിയും നിലനിൽക്കുന്നതിനാൽ പ്രസ്തുതകരാർ കേരളത്തിലെ പ്രധാന കാർഷിക ഉൽപ്പന്നങ്ങൾക്ക് ദോഷകരമാകും എന്ന് വിലയിരുത്തി.

(2) കേരളത്തിലെ പ്രധാന കാർഷിക ഉൽപ്പന്നങ്ങളായ കാപ്പി, കുരുമുളക്, തേയില, എന്നിവയേയും വെളിച്ചെണ്ണയ്ക്ക് ഭീഷണി വരുത്തുന്ന ക്രൂഡ് പാം ഓയിൽ, റിഫൈൻഡ് പാം ഓയിൽ എന്നിവയെ സ്പെഷ്യൽ പ്രോഡക്ട് ലിസ്റ്റിൽപ്പെടുത്തിയതും ഇറക്കുമതി ചുങ്കം കുറയ്ക്കുവാൻ തീരുമാനിച്ചതും കേരളത്തിലെ ഉൽപ്പന്നങ്ങളെ ദോഷകരമായി ബാധിച്ചു. ഇത് ഇറക്കുമതി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കും.

(3) ആസിയാൻ രാജ്യങ്ങൾ വിവിധ ഉൽപ്പന്നങ്ങളുടെ നികുതി കുറച്ചത് കേരളത്തിലെ കാർഷിക, ഫിഷറീസ് മേഖലകളിൽ കയറ്റുമതി സാധ്യതയുള്ള അവസരം നൽകുന്നുണ്ട്.

(സി) ഡബ്ല്യൂ.റ്റി.ഒ. സെല്ലിനെ പുനഃസംഘടിപ്പിക്കുവാനും നിലവിലെ വ്യാപാര പ്രാമുഖ്യമുള്ള സാഹചര്യം കണക്കിലെടുത്ത് വിശാലമായ കാഴ്ചപ്പാടോടെ സംസ്ഥാനത്തെ കൃഷിയുടെയും കാർഷിക ഉൽപ്പന്നങ്ങളുടെയും വ്യാപാര വികസനത്തിനായി ഉപയോഗപ്പെടുത്തുന്നതിലേക്കായി ഡബ്ല്യൂ.റ്റി.ഒ. സെല്ലിനെ സ്റ്റേറ്റ് അഗ്രികൾച്ചറൽ ട്രേഡ് സെൽ എന്ന് പുനർനാമകരണം ചെയ്യുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കാർഷിക വ്യാപാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും കേന്ദ്രസർക്കാരുമായി ഈ വിഷയം ചർച്ച ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഈ സെല്ലിനെ ചുമതലപ്പെടുത്തുന്നതാണ്.

(ഡി) 14-1-2004-ൽ അന്നത്തെ മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഹൈ ലെവൽ സ്റ്റാൻഡിംഗ് കമ്മിറ്റി ഓൺ അഗ്രികൾച്ചറൽ ട്രേഡ് രൂപീകരിച്ചിരുന്നു. ഇപ്പോൾ ഇത്തരത്തിലുള്ള കമ്മിറ്റി നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 14-1-2004-ൽ അന്നത്തെ മുഖ്യമന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ചിരുന്ന ഹൈ ലെവൽ സ്റ്റാൻഡിംഗ് കമ്മിറ്റി ഓൺ അഗ്രികൾച്ചറൽ ട്രേഡ് മൂന്ന് തവണ കൂടിയതായി ലഭ്യമായ രേഖകളിൽ കാണുന്നു. 29-8-2006-ൽ ആണ് പ്രസ്തുത കമ്മിറ്റി അവസാനമായി (മൂന്നാമത്) കൂടിയത്. ആ യോഗത്തിന്റെ തീരുമാനങ്ങൾ ലഭ്യമല്ല.

## കാർഷികരംഗം നേരിടുന്ന വെല്ലുവിളികൾ

**174 (4214)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികരംഗം നേരിടുന്ന പ്രധാന വെല്ലുവിളികൾ ഏതെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കാലാവസ്ഥയിലുണ്ടായ വ്യതിയാനം കാർഷിക രംഗത്തെ എപ്രകാരമാണ് ബാധിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കാലാവസ്ഥാ വ്യതിയാനത്തിന് അടിമപ്പെടാൻ സാധ്യതയുള്ള വിളകളെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

### ഉത്തരം

(എ) കേരളത്തിലെ കാർഷികരംഗം നേരിടുന്ന പ്രധാന വെല്ലുവിളികൾ ചുവടെ ചേർക്കുന്നു :

1. കാലാവസ്ഥാ വ്യതിയാനംമൂലമുള്ള വിളനാശം
2. കാർഷികോൽപ്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ
3. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം
4. വ്യാവസായിക-നിർമ്മാണ മേഖലയിലെ പുരോഗതി കാർഷിക മേഖലയെ പരോക്ഷമായി ബാധിക്കുന്നു എന്നിവ.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കാർഷിക പ്രവൃത്തികൾ സീസൺ അടിസ്ഥാനത്തിൽ ചെയ്തുപോരുന്നവയാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.